പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം: 446 29/06/2012-ൽ മറുപടിക്ക്

## നഗരസഭകളിൽ ജനന സർട്ടിഫിക്കറ്റിൽ പേരു ചേർക്കുന്നതിനുള്ള സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.ഉമ്മർ: | | ശ്രീ.മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | നഗരസഭകളിൽ ജനന സർട്ടിഫിക്കറ്റിൽ പേരു ചേർക്കുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സർട്ടിഫിക്കറ്റിൽ പേരു ചേർക്കുന്നതിന് നഗരസഭകളിൽ വരുന്ന കാലതാമസം ഒഴിവാക്കി അപേക്ഷിക്കുന്ന ദിവസം തന്നെ സർട്ടിഫിക്കറ്റിൽ പേരു ചേർത്ത് നൽകാനാകുമോ; | (ബി) | ഇപ്പോൾ എല്ലാ നഗരസഭകളിലും ഫ്രണ്ട് ഓഫീസ് മുഖേന അപേക്ഷകൾ സ്വീകരിച്ചാണ് സേവനങ്ങൾ നൽകി വരുന്നത്. ന്യൂനതകൾ ഇല്ലാത്ത അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ തന്നെ സർട്ടിഫിക്കറ്റുകളിൽ പേര് ചേർത്ത് നൽകി വരുന്നു. |
| (സി) | സർട്ടിഫിക്കറ്റുകളിൽ പേരുകൾ തെറ്റായി ചേർത്തത് തിരുത്തുന്നതിന് നിലവിലുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുമോ; | (സി) | സർട്ടിഫിക്കറ്റുകളിൽ പേരുകൾ തെറ്റായി ചേർത്തത് തിരുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. സ്കൂൾ രേഖയിലേതുപോലെ തിരുത്തുന്നതിന് സർക്കാരിന്റെ 01/02/2012-ലെ 35845/ആർ.ഡി3/2011/തസ്വഭവ നമ്പർ സർക്കുലറും ജനന രജിസ്ട്രേഷനിലെ ഇനിഷ്യലുകൾ വികസിപ്പിച്ചുകൊണ്ടുള്ള തിരുത്തലിന് സർക്കാരിന്റെ 07/05/2012-ലെ 9748/ആർ.ഡി.3/2011/തസ്വഭവ നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരം സർട്ടിഫിക്കറ്റുകളുടെ വിതരണ ത്തിന് ആവശ്യമായ സൗകര്യങ്ങളില്ല എന്ന പരാതി നിലവിലുണ്ടോ? | (ഡി) | പരാതികൾ ഇല്ല. |

സെക്ഷൻ ആഫീസർ